**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.244** — **12/03/2018 -ൽ മറുപടിക്ക്**

# ഡിഗ്രി തലത്തിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.രാജേഷ്<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.പി.വി.അൻവർ | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ഉന്നത.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഡിഗ്രി തലത്തിൽ അക്കാദമിക നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി നടപ്പാക്കിയ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അതിന്റെ ഫലപ്രാപ്തിയെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ യെന്നും അറിയിക്കാമോ; വിശദാംശം നൽകുമോ; | (എ) ഡിഗ്രി തലത്തിൽ അക്കാദമിക നിലവാരം ഉയർത്തുവാനായി നടപ്പിലാക്കിയ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CBCSS) കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. CBCSS സംവിധാനം അവലോകനം ചെയ്യുന്നതിനായി 2012-ൽ പ്രൊഫ.ബി.ഹൃദയകുമാരി അദ്ധ്യക്ഷയായ ഒരു കമ്മിറ്റിയെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയമിക്കുകയുണ്ടായി .<br><br>പ്രസ്തുത കമ്മിറ്റി 2009ൽ നടപ്പിലാക്കിയ CBCSS സമ്പ്രദായത്തിന്റെ ഘടനയിലോ കരിക്കുലം ചട്ടക്കൂടിലോ കാര്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയുണ്ടായില്ല. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ ശുപാർശ പ്രകാരം ഡയറക്ട് ഗ്രേഡിംഗിനു പകരം മാർക്ക് സമ്പ്രദായവും Indirect ഗ്രേഡിംഗും പുന:സ്ഥാപിക്കുകയും ചെയ്തു. കൂടാതെ ഓരോ കോഴ്സുകൾക്കും വിജയിക്കണമെങ്കിൽ നേടേണ്ട കുറഞ്ഞ മാർക്ക് 40% ആയി നിജപ്പെടുത്തുകയും CBCSSമായി ബന്ധപ്പെട്ട് split variation സ്വീകരിച്ചത് ഉപേക്ഷിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| (ബി) | സെമസ്റ്റർ സമ്പ്രദായത്തിലേക്ക് മാറിയപ്പോൾ കരിക്കുലത്തിൽ ഘടനാപരമായ എന്ത് മാറ്റങ്ങളാണ് വരുത്തിയത്; ഇതുമൂലം വിദ്യാർഥികളുടെ പഠനഭാരം വർദ്ധിക്കുകയുണ്ടായോ; എങ്കിൽ ഇത് അക്കാദമിക ഗുണനിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CBCSS) നടപ്പിലാക്കിയപ്പോൾ ബിരുദ തലത്തിൽ പാർട്ട് I (ഇംഗ്ലീഷ്), പാർട്ട് II (സെക്കന്റ് ലാംഗ്വേജ്), പാർട്ട് III (മെയിൻ, സബ്സിഡിയറി) എന്ന രീതിയിൽ നില നിന്നിരുന്ന പരമ്പരാഗത രീതിക്ക് പകരം കോമൺ കോഴ്സ്-1 (ഇംഗ്ലീഷ്), കോമൺ കോഴ്സ് II (സെക്കന്റ് ലാംഗ്വേജ്), കോർ & കോംപ്ലിമെന്ററി എന്ന രീതി നിലവിൽ വന്നു. അഞ്ചാം സെമസ്റ്ററിൽ ഓപ്പൺ കോഴ്സും ആറാം സെമസ്റ്ററിൽ ചോയ്സ് ബേസ്ഡ് കോഴ്സും പഠിക്കാവുന്ന സാഹചര്യമുണ്ടായി. വാർഷിക പരീക്ഷകൾക്ക് പകരം അർദ്ധ വാർഷിക പരീക്ഷകൾ നിലവിൽ വന്നതോടു കൂടി പരീക്ഷകളുടെ എണ്ണം കൂടിയെങ്കിലും പഠനഭാരം കുറഞ്ഞതായും കുട്ടികൾക്കും അദ്ധ്യാപകർക്കും പ്രയോജനകരമാണെന്നുമാണ് വിലയിരുത്തിയിട്ടുള്ളത്. അതിനാൽ ഈ സമ്പ്രദായം അക്കാദമിക ഗുണ നിലവാരത്തെ പ്രതികൂലമായി ബാധിച്ചിട്ടില്ല. |
| (സി) | ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച വിദഗ്ദ്ധ സമിതികളെ കുറിച്ചും അവയുടെ ലക്ഷ്യവും വിശദമാക്കാമോ; | (സി) | ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം (CBCSS)നെക്കുറിച്ച് വിലയിരുത്തുന്നതിനായി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രണ്ട് കമ്മിറ്റികളെ നിയോഗിച്ചിരുന്നു. സംസ്ഥാനത്ത് ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം നടത്താനായി നിയോഗിച്ച ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് ബാംഗ്ളൂരിലെ പ്രൊഫസർ ഡോ.എൻ.വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശ പ്രകാരം, 2009-10 അക്കാദമിക വർഷം മുതൽ |

CBCSS സമ്പ്രദായം നടപ്പിലാക്കുവാൻ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് സ്വാതന്ത്ര്യം നൽകി. കേരള സർവ്വകലാശാല ഒഴികെയുള്ള അഫിലിയേറ്റഡ് സർവ്വകലാശാലകൾ 2009-10 മുതലും കേരള സർവ്വകലാശാല 2010-11 മുതലും പ്രസ്തുത സമ്പ്രദായം നടപ്പിലാക്കി. CBCSS സമ്പ്രദായം വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി നിയോഗിച്ച പ്രൊഫ. ബി. ഹൃദയകുമാരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ CBCSS സമ്പ്രദായത്തിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നിലവിൽ പി.ജി. വിദ്യാഭ്യാസത്തിന്റെ പുന:സംഘാടനത്തെക്കുറിച്ച് പഠിക്കാൻ ഐ.ഐ. എസ്.സി പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**